## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :2158 — 18. 07 . 2 0 1 6 ൽ മറുപടിക്ക്

## വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

**ചോദ്യം** — **മറുപടി**

ശ്രീ. സി. ദിവാകരൻ

പ്രൊഫ. സി രവീന്ദ്രനാഥ്.

(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി)

| | | |
|---|---|---|
| സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണ നിലവാരവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ ? | എ) | സംസ്ഥാനത്തെപൊതു വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ ഗുണ നിലനാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കുകയും അതിൻ പ്രകാരം പാഠ പുസ്തകങ്ങൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി മെച്ചപ്പെട്ട പരിശീലന മോഡ്യൂളുകളുടെ അടിസ്ഥാനത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. അതോടൊപ്പം ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഐ.ടി@ സ്കൂളിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ളാസ്സ്റൂം തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു<br>കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്ളാൻഫണ്ട്, എസ്.എസ്.എ, ആർ.എം. എസ്.എ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനവും നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ